## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1498** — 03-12-2018 -ൽ മറുപടിക്ക്

## പ്രളയത്തിൽ തകർന്ന വീടുകൾക്ക് നഷ്ടപരിഹാരം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി.ടി.ബൽറാം<br>ശ്രീ. എ.പി. അനിൽ കുമാർ<br>ശ്രീ. വി.എസ്.ശിവകുമാർ<br>ശ്രീ. പി.ടി. തോമസ്** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും<br>വകുപ്പ് മന്ത്രി)** |
| എ) | പ്രളയത്തിൽ തകർന്ന വീടുകൾക്ക് നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നത് എന്ത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്; | എ) | തദ്ദേശ വകുപ്പ് ഓവർസിയർ/എൻജിനിയർമാരുടെ കീഴിൽ സന്നദ്ധപ്രവർത്തകരും എൻജിനിയർമാർ അംഗീകരിക്കുന്ന വീടിന്റെ കെട്ടിട നഷ്ടത്തിന്റെ (Structural damage) തോത്, മേൽ പരിശോധനക്ക് ശേഷം അംഗീകരിക്കുന്നത് തദ്ദേശ വകുപ്പ് സെക്രട്ടറിയുമാണ്. ഇവരുടെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുവാനായി ആസൂത്രണ വകുപ്പ് അംഗം ചെയർമാനായി ഒരു 4 അംഗ സമിതിയെയും ചുമതലപ്പെടുത്തിയിരുന്നു. കണക്കെടുപ്പിൽ തർക്കമുണ്ടായാൽ അപ്പീൽ നൽകുന്നതിനായി ജില്ലാ കളക്ടറെയും ചുമതലപ്പെടുത്തിയിരുന്നു. ഇത് സംബന്ധിച്ച വിശദാംശങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ rebuild.lsgkerala.gov.in എന്ന വെബ് സൈറ്റിലും കൂടുതൽ വിവരങ്ങൾ 03.09.2018-ലെ സ.ഉ(കൈ)നം.18/2018/ ഡി.എം.ഡി -യിലും ലഭ്യമാണ്. |
| ബി) | പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിലെ സുതാര്യത ഇല്ലായ്മ കേരള ഹൈക്കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ടോ; | ബി) | ഇല്ല. |
| സി) | റവന്യൂ ഉദ്യോഗസ്ഥരുടെ ഔദാര്യത്തിലല്ല പ്രളയ ദുരിതാശ്വാസം നൽകേണ്ടത് എന്ന കോടതിയുടെ | സി) & ഡി) | ഇത്തരം ഒരു വിധി പ്രസ്താവം കോടതി നടത്തിയിട്ടില്ല. 19-09-2018 ന് ഹൈക്കോടതി ഡിവിഷൻ ബെഞ്ച് പുറപ്പെടുവിച്ച വിധിയിൽ, |

| | | | |
|---|---|---|---|
| | പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | സർക്കാർ ദുരിതാശ്വാസത്തിന് ആത്മാർഥമായി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട് എന്ന് വിലയിരുത്തിയിട്ടുണ്ട്. |
| ഡി) | പ്രസ്തുത കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ